(സി) എങ്കിൽ പ്രസ്തുത നടത്തിപ്പുകാരന് വീണ്ടും ഡിപ്പോ നടത്തുന്നതിന് അർഹതയുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2007-നു ശേഷം രണ്ടുതവണ എ.ഡബ്ല്യു.ഡി.റ്റി. 18 സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 10-2-2010 -ലെ എ 4-21106/09-ാം നമ്പർ ഉത്തരവ് പ്രകാരം ഡിപ്പോയുടെ അംഗീകാരം റദ്ദ് ചെയ്തു.

(സി) ലൈസൻസ് കൃാൻസൽ ചെയ്ത നടപടിക്കെതിരെ ലൈസൻസി ആയിരുന്ന ആൾ റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരുന്നു. അതിൽ തീരുമാനം എടുക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി 24-6-2010-ൽ അദ്ദേഹത്തെ നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. ഹിയറിംഗിന് ഉന്നയിക്കപ്പെട്ടിട്ടുള്ള വാദഗതികൾ ബന്ധപ്പെട്ട ചട്ടങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

ലീഗൽ മെട്രോളജി വകുപ്പിൽ പ്രത്യേക പരിശോധനാ സംവിധാനം

88 (5766) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓണ സീസണിൽ പൊതുവിപണിയിൽ വ്യാപകമായി നടക്കുന്ന അളവ്-തൂക്കം വെട്ടിക്കൽ തടയുന്നതിന് പ്രത്യേക പരിശോധനാ സംവിധാനം ലീഗൽ മെട്രോളജി വകുപ്പിൽ ഏർപ്പെടുത്തുന്നതിന് അടിയന്തര തീരുമാനം എടുക്കുമോ ?

ഉത്തരം

എല്ലാ ഓണക്കാലത്തേയുംപോലെ ഈ വരുന്ന ഓണ സീസണിലും ഉത്രാടം വരെയുള്ള ഒരാഴ്ചക്കാലം ലീഗൽ മെട്രോളജി വകുപ്പിലെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ചെറുസംഘങ്ങളായി തിരിഞ്ഞ് വിപണികളിൽ തുടർച്ചയായി മിന്നൽ പരിശോധനകൾ നടത്തി കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ലീഗൽ മെട്രോളജി വകുപ്പിലെ ഒഴിവുള്ള തസ്തികകൾ

89 (5767) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിലെ ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly